റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 2002 നവംബർ മാസം മുപ്പതാം തീയതി നിയമപരിഷ്ക്കരണ കമ്മിറ്റി അതിന്റെ ഒന്നാം റിപ്പോർട്ട് മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിയമപരിഷ്ക്കരണ കമ്മിറ്റി സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ കാലഹരണപ്പെട്ട 102 നിയമങ്ങളും 595 ഭേദഗതി നിയമങ്ങളും ഉൾപ്പെടെ ആകെ 697 നിയമങ്ങൾ നിയമപുസ്തകത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. കാലഹരണപ്പെട്ട നിയമങ്ങൾക്ക് പകരം സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കി നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ പല കരട് ബില്ലുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) നിക്ഷേപ സൗഹൃദവും വികസന സൗഹൃദവുമായ 16 പുതിയ നിയമങ്ങളുടേയും 9 ഭേദഗതി നിയമങ്ങളുടേയും കരട് ബില്ലുകൾ കമ്മിറ്റി തയ്യാറാക്കി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന കരട് ബില്ലുകൾ കഴിയുന്നതും വേഗം സഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്.

ഏകീകൃത ഭൂപരിധി നിയന്ത്രണനിയമം

30 (*297) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിലുള്ള ഭൂനിയമമനുസരിച്ച് ഏതെല്ലാം കാർഷികവിളകളെയാണ് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ;

(ബി) ഇപ്രകാരം ഭൂപരിധി നിയമത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ള കർഷകർ അവരുടെ വരുമാനമനുസരിച്ച് ആദായ നികുതി നൽകുവാൻ ബാധ്യസ്ഥരാണോ ; ആണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇപ്രകാരം എത്ര തുക സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെങ്കിലും പുതിയ കാർഷികവിള കൃഷിചെയ്യുന്ന ഭൂമിയെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ഡി) കേരളത്തിൽ എല്ലാ കാർഷികവിളകളും കൃഷി ചെയ്യുന്ന ഭൂമിയ്ക്കും ഏകീകൃത രൂപത്തിലുള്ള ഒരു ഭൂപരിധി നിയന്ത്രണ നിയമം നടപ്പാക്കുവാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരളത്തിലെ കാർഷികവിളകളായ നെല്ല്, അടയ്ക്കാ, നാളികേരം, കാപ്പി, തേയില, റബ്ബർ, കുരുമുളക്, കൊക്കോ തുടങ്ങിയ ഓരോ കാർഷിക വിളകൾക്കും നിശ്ചയിച്ചിട്ടുള്ള ഭൂപരിധി എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) റബ്ബർ, കാപ്പി, തേയില, ഏലം, കൊക്കോ, സിനമൺ എന്നീ കാർഷികവിളകളെയാണ് ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ള കർഷകർ അവരുടെ വരുമാനമനുസരിച്ച് ആദായനികുതി നൽകാൻ ബാദ്ധ്യസ്ഥരാണ്.

2002-03 വർഷത്തിൽ ഈ ഇനത്തിൽ ആറ് കോടി 76 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(സി) കശുമാവ് തോട്ടങ്ങൾ 1-1-1970 വരെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. 1-1-1970-ന് ശേഷം കശുമാവ് തോട്ടങ്ങൾ ഭൂപരിധിയിൽ കൊണ്ട് വന്നപ്പോൾ അതിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇത് സംസ്ഥാനത്തെ പരമ്പരാഗതമായ കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചു. കൂടാതെ കശുവണ്ടി വിദേശനാണ്യം നേടിതരുന്ന ഒരു കാർഷികവിളയാണ്. കശുമാവ് തോട്ടവ്യവസായമായി സംഘടിപ്പിച്ചാൽ നിലവിൽ ആദായം കുറഞ്ഞ തോട്ടവിളകൾക്ക് പകരം ഇത്തരം കൃഷികൾ നടത്തുവാനും നിലവിലുള്ള പരമ്പരാഗതവ്യവസായത്തെ പരിപോഷിപ്പിക്കുവാനും സാധിക്കും. സർക്കാർ നിയോഗിച്ച നിയമപരിഷ്ക്കരണ സമിതിയും മേൽപ്പറഞ്ഞ കാരണങ്ങളാൽ കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കാൻ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(ഡി) സംസ്ഥാനത്ത് ഇന്ന് ഭൂവിനിയോഗത്തെ സംബന്ധിച്ച് യാതൊരു നിയമവുമില്ല. ഇത് സംബന്ധിച്ച് ഒരു നിയമം കൊണ്ടുവന്ന് പ്രാവർത്തികമായതിന് ശേഷം മാത്രമേ ഇത്തരം ഒരു ഏകീകൃത ഭൂപരിധി പ്രായോഗികവും ഫലപ്രദവും ആകൂ.

(ഇ) കാപ്പി, റബ്ബർ, തേയില എന്നീ വിളകൾ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മറ്റ് കാർഷികവിളകൾക്കുള്ള ഭൂപരിധി ഭൂപരിഷ്ക്കരണ നിയമത്തിലെ 81, 82 വകുപ്പുകളിലും രണ്ടാം പട്ടികയിലുമായി വ്യവസ്ഥ ചെയ്യുന്നു. ഇത് കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം, അവരുടെ മാര്യേജ് സ്റ്റാറ്റസ് കൃഷിസ്ഥലം സ്ഥിതിചെയ്യുന്ന ജില്ല എന്നിവയെ ആശ്രയിച്ചിരിക്കുന്നു. പ്രസ്തുത വകുപ്പുകളുടെയും പട്ടികയുടെയും ഒരു പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ

1(1311) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടും ഫ്ളഡ് റിലീഫ് ഫണ്ടും ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ബി.ഡി.ഒ.മാർ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതികൾക്ക് ഇടപെടൽ അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ബി.ഡി.ഒ.മാർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ കൂടിയായതു കൊണ്ട് ഇത്തരം പ്രവർത്തികളിൽ ബ്ലോക്ക് പഞ്ചായത്തുകൾ ബി.ഡി.ഒ. മാരെ നിയന്ത്രിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എം.പി., എം.എൽ.എ. എന്നിവരുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയനുസരിച്ചുള്ള പ്രവർത്തനങ്ങളിലും ഇവയുടെ മാർഗ്ഗനിർദ്ദേശങ്ങളും ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രത്യേകിച്ച് അധികാരങ്ങളൊന്നും നൽകിയിട്ടില്ല. എന്നാൽ ഇത്തരം പ്രവർത്തികളിൽ ഗുണഭോക്തൃ സമിതികൾ രൂപീകരിക്കുന്ന വേളകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെക്കൂടി അറിയിച്ചു നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കടുത്ത വരൾച്ച നേരിടുന്നതിന് സ്വീകരിച്ച പദ്ധതികൾ

2 (1312) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കടുത്ത വരൾച്ച നേരിടാൻ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഇപ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം അപര്യാപ്തമാണെന്ന് കേരള ഗവൺമെന്റ് കേന്ദ്രത്തെ ധരിപ്പിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly